കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - സമഗ്ര കാർഷിക വികസനം ലക്ഷ്യമിട്ട് കൃഷി വകുപ്പ് നടപ്പിലാക്കുന്ന ഹരിതം ഹരിപ്പാട് പദ്ധതിയുടെ ഉദ്ഘാടനത്തിന് തുക സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

---

**സ.ഉ.(സാധാ) നം.2525/2019/ത.സ്വ.ഭ.വ** തിരുവനന്തപുരം,
തീയതി, 11/11/2019

---

പരാമർശം:- പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയുടെ 17/09/2019 ലെ കുറിപ്പ്.

<u>ഉത്തരവ്</u>

ഹരിപ്പാട് നിയോജക മണ്ഡലത്തിലെ സമഗ്ര കാർഷിക വികസനം ലക്ഷ്യമിട്ട് കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഹരിതം ഹരിപ്പാട് പദ്ധതിയുടെ ആദ്യഘട്ട പദ്ധതി ഉദ്ഘാടന പരിപാടിയുടെ സംഘാടക ചെലവുകൾക്കായി ചെറുതന, പള്ളിപ്പാട്, കരുവാറ്റ പഞ്ചായത്തുകൾക്കും ഹരിപ്പാട് നഗരസഭ യ്ക്കും തനത് / ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും 25,000/- രൂപ വീതം ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്നാണ് പ്രതിപക്ഷനേതാവ് ശ്രീ.രമേശ് ചെന്നിത്തല പരാമർശ പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹരിതം ഹരിപ്പാട് പദ്ധതിയുടെ ആദ്യഘട്ട ഉദ്ഘാടന പരിപാടിയുടെ സംഘാടന ചെലവുകൾക്കായി ചെറുതന, പള്ളിപ്പാട് , കരുവാറ്റ പഞ്ചായത്തു കൾക്കും ഹരിപ്പാട് നഗരസഭയ്ക്കും തങ്ങളുടെ തനത് ഫണ്ടിൽനിന്നും, ഭരണസമിതി തീരുമാനത്തിന് വിധേയമായി, 25,000/- രൂപ (ഇരുപത്തയ്യായിരം മാത്രം) ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ബന്ധപ്പെട്ട നഗരസഭകൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,ആലപ്പുഴ

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ആലപ്പുഴ ഡയറക്ടർ മുഖേന)

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

**File No.LSGD-FM2/181/2019-LSGD**

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

**സ്റ്റോക്ക് ഫയൽ** / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ